LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ബി. ഒ. ടി. മേഖലകളിൽ മിനി തുറമുഖങ്ങൾ അനുവദിക്കുന്ന നടപടി

165 [3691] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യ, ബി. ഒ. ടി. മേഖലകളിൽ മിനി തുറമുഖങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ അഴിമുഖങ്ങളാണ് ഇതിന് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ തുറമുഖങ്ങളുടെ നിർമ്മാണത്തിന് ബി. ഒ. ടി. കരാർ ഒപ്പിട്ടിട്ടുണ്ടെന്നും, അത് എന്നായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ ബി. ഒ. ടി. മേഖലകളിൽ മിനി തുറമുഖങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ നയം വിശദമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ ബി. ഒ. ടി. മേഖലകളിൽ മിനി തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് അനുമതി നൽകാൻ ആലോചനയുണ്ട്.

(ബി) അഴീക്കൽ, ബേപ്പൂർ, പൊന്നാനി , മുനമ്പം എന്നീ അഴിമുഖങ്ങളിലെ തുറമുഖങ്ങൾക്കാണ് അനുമതി നൽകാൻ ആലോചിക്കുന്നത്.

(സി) വിഴിഞ്ഞം, മുനമ്പം എന്നീ തുറമുഖങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന തീയതികളിൽ ബി. ഒ. ടി. കരാർ ഒപ്പിട്ടിട്ടുണ്ട്;

വിഴിഞ്ഞം	..	15-11-1999.
മുനമ്പം	..	13-1-2000

വിഴിഞ്ഞം തുറമുഖത്തിന്റെ ബി. ഒ. ടി. കരാർ വ്യവസ്ഥകൾ പാലിക്കാത്തതുകൊണ്ട് 27-5-2002-ൽ സർക്കാർ റദ്ദു ചെയ്യുകയുണ്ടായി.

(ഡി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി തുറമുഖ വികസനവും മറ്റനുബന്ധ സൗകര്യങ്ങളും നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ് സർക്കാരിന്റെ നയം.